**സൂത്രവാക്കുകൾ**
കലാസൗന്ദര്യശാസ്ത്രത്തിലേക്കൊരു പദകോശം
(നിഘണ്ടു)

**Sutravaakkukal**
Kalasoundaryashastrathilekkoru Padakosham
(Dictionary)

**എഡിറ്റർമാർ**
ആദർശ് സി.
രാജേഷ് എം.ആർ.

ആദ്യപതിപ്പ്
ഡിസംബർ 2020

ലേഔട്ട് & കവർ
ഹാഷിം എൻ.എം.

പ്രസാധനം
ഗയ പുത്തകച്ചാല, തൃശ്ശൂർ.
9809940750, 9496291260
gayaputhakachala@gmail.com

അച്ചടി
ഫ്രണ്ട്സ് ഓഫ്സെറ്റ് പ്രിന്റേഴ്സ്
കൊടുങ്ങല്ലൂർ, തൃശ്ശൂർ

© Rights Reserved
No part of this work may be produced or utilized in any form or by any means without the prior written permission of the publisher.

ISBN : 978-81-944372-7-7

₹ 800

## മനോധർമ്മം

ഭാരതീയകലാസങ്കല്പങ്ങളിൽ സവിശേഷതയർഹിക്കുന്ന ഒന്നാണ് മനോധർമ്മമെന്ന സങ്കേതം. ഭാരതത്തിലെ സംഗീതപദ്ധതികളുമായി ബന്ധപ്പെട്ടു ഏറെക്കുറെ രൂഢിയായിട്ടുള്ള മനോധർമ്മമെന്ന പദത്തിന്റെ വ്യാവഹാരികാർത്ഥം പരിശോധിക്കുമ്പോൾ അതു കേവലം ഒരു കലാവിഷ്ക്കാരത്തിൽമാത്രമൊതുങ്ങുന്നതല്ല എന്നു ബോധ്യപ്പെടും. അതിനാൽത്തന്നെ ഭാരതീയകലാവിഷ്ക്കാരമാതൃകയിലെ സങ്കേതമെന്ന നിലയിൽ മനോധർമ്മത്തെ വിലയിരുത്തി അതിന്റെ **അർത്ഥ**സാധ്യതകൾ കണ്ടെത്തുകയാണ് ഉചിതം. ഒരു കലാകാരനിൽത്തുടങ്ങി നീണ്ടുപോകുന്ന ശിഷ്യപരമ്പരകളിലൂടെയും ദേശവഴക്കങ്ങളിലൂടെയും സുസ്ഥാപിതമാകുന്ന **ബാണി**കളുടേയും ഘരാനകളുടേയും കളരികളുടേയുമെല്ലാം അടിസ്ഥാനം ഈ മനോധർമ്മമാണെന്നുപറയാം. "ഗായകനോ വാദകനോ തങ്ങളുടെ മനോധർമ്മമനുസരിച്ച് സ്വതന്ത്രമായവിധത്തിൽ രാഗാലാപനം ചെയ്ത് അതിനെ അതിമനോഹരമാക്കിത്തീർക്കുവാൻ കഴിയുമെന്നതാണ് ഭാരതീയ സംഗീതത്തിന്റെ പ്രത്യേകത. അതിനായി ഗായകനോ വാദകനോ ഉപയുക്തമാക്കിപ്പോന്ന ശൈലികളാണ് ബാണി, ഘരാന എന്നീ നാമങ്ങളിൽ അറിയപ്പെടാനിടയായത്" എന്നാണ് ഹിന്ദുസ്ഥാനിസംഗീതമെന്ന (160) ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നത്.

മനോധർമ്മമെന്ന പദത്തിന്റെ കേവലാർത്ഥത്തെ സാങ്കേതികമാക്കുന്നത് ധർമ്മമെന്ന പരപദമാണ്. കർണ്ണാടകസംഗീതത്തിലും ഉത്തരേന്ത്യൻസംഗീതത്തിലും വളരെ പ്രധാനപ്പെട്ട ഒന്നായ മനോധർമ്മസംഗീതത്തിൽ ഈ സാങ്കേതികത പ്രകടമാണ്. ഒരേ സമയം സ്വതന്ത്രാവിഷ്ക്കാരശൈലി ആവുമ്പോഴും അതതു**പാരമ്പര്യ**ത്തിനകത്തു നിൽക്കുന്നതും ഘടനാബദ്ധവുമായ ആവിഷ്കാരമാതൃകകളായി മനോധർമ്മം മാറുന്നുണ്ടെന്നു നിരീക്ഷിക്കാവുന്നതാണ്. ഇത്തരത്തിലുള്ള വ്യതിചലനം മനോധർമ്മത്തിന്റെ കാതലാണെങ്കിലും അതിനെ നിലനിർത്തുന്നതാകട്ടെ ആ ആവിഷ്കാരശൈലിയുടെ സാങ്കേതികവും പാരമ്പര്യാധിഷ്ഠിതവുമായ പിന്തുടർച്ചകളാണ്. അതുകൊണ്ട് പൂർവ്വപദത്തിലെ സ്വതന്ത്രാവിഷ്ക്കാരസാധ്യതകളും പരപദത്തിലെ സാങ്കേതികതയും സമന്വയിപ്പിക്കുന്ന കലാവിഷ്ക്കാരസങ്കേതങ്ങളാണ് മനോധർമ്മമെന്ന അർത്ഥത്തിൽ വ്യവഹരിക്കുന്നത്.

സാമൂഹ്യസന്ദർഭത്തിനകത്തുനിന്നുള്ള വ്യാവഹാരികസാധ്യതകളിൽനിന്നു വിട്ടുമാറി കലാവിഷ്ക്കാരത്തിൽ വ്യക്തിസ്വാതന്ത്ര്യവും പുതിയഭാവുകത്വവും രൂപപ്പെട്ടുവന്ന ചരിത്രഘട്ടത്തിലായിരിക്കണം മനോധർമ്മം കലാസങ്കേതമെന്ന നിലയിൽ വികസിച്ചുവന്നത്. ഇതു കേവലം സംഗീതത്തിൽ മാത്രമല്ലെന്ന് ഭാരതത്തിലെ കലാപാരമ്പര്യത്തിന്റെ ചരിത്രം വ്യക്തമാക്കുന്നുണ്ട്. സാങ്കേതിക സങ്കല്പനമെന്ന നിലയിൽ മനോധർമ്മത്തെ വിലയിരുത്തുമ്പോൾ ഭാരതത്തിലെ എല്ലാ കലാവിഷ്ക്കാരമാതൃകകളിലുമിതുകാണാം. കഥകളിയിലെ കപ്ലിങ്ങാടൻ ശൈലിയും (കഥകളിയുടെ ചരിത്രത്തിൽ വ്യക്തി കലാകാരനെന്ന നിലയിൽ സ്വതന്ത്രമാകുന്നത് ഈ കാലഘട്ടത്തിലാണ്) ഭരതനാട്യത്തിലെ പന്താവ്വൂർശൈലിയുമെല്ലാം ഇതിനുദാഹരിക്കാവുന്നതാണ്. വ്യക്തിയുടെ സ്വതന്ത്രാവിഷ്ക്കാര മനോധർമ്മപ്രകടനങ്ങൾ ദേശമുദ്രകൾ ചാർത്തിയോ ശിഷ്യപരമ്പരാമുദ്രകൾചാർത്തിയോ അടയാളപ്പെടുത്തപ്പെട്ടിട്ടുണ്ട്. കർണ്ണാടകസംഗീതത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ വ്യക്തിനിഷ്ഠമായ സംഗീതത്തിന്റെ വളർച്ചയിൽതന്നെയാവണം ധർമ്മമെന്ന പാരമ്പര്യഘടകത്തേക്കാൾ പ്രാധാന്യം ആദ്യഭാഗത്തിനുവന്നിരിക്കാനിടയുള്ളത്. തഞ്ചാവൂർ കേന്ദ്രീകരിച്ചുണ്ടായ കർണ്ണാടകസംഗീതത്തിന്റെ വളർച്ച കുറേക്കൂടി ആധുനികമായപരിസരത്തിൽ മദിരാശിയിലേക്കു സംക്രമിക്കുന്ന ഘട്ടത്തിലാണ് കർണ്ണാടകസംഗീതത്തിലെ ബാണികൾ രൂപപ്പെട്ടുവരുന്നത്. ദക്ഷിണഭാരത **സമ്പ്രദായഭജന** പോലുള്ള സംഗീതവഴികളിൽ മരുതാനെല്ലൂർ സമ്പ്രദായം, പുതുക്കോട്ട സമ്പ്രദായം എന്നിങ്ങനെയുള്ള ശൈലികളാണ് ഉണ്ടായിരുന്നത്. സമ്പ്രദായമെന്ന സംജ്ഞ ഘടനാപരമായ രൂപമാതൃകകളെയാണ് സൂചിപ്പിക്കുന്നതും. ഇതിൽ നിന്നുഭിന്നമായി ബാണിയെന്നു പഴയരീതിയിൽ വ്യവഹരിച്ച്

കാണുന്നത് നാഗസ്വരസമ്പ്രദായത്തിൽ മാത്രമാണ്. മദിരാശിയിൽ കേന്ദ്രീകരിക്കുന്ന ആധുനികസംഗീതവഴികളിലാണ് പിന്നീട് മനോധർമ്മസംഗീതത്തിലധിഷ്ഠിതമായ ബാണികൾ വികസിച്ചുവരുന്നത്. അരിയക്കുടി ബാണി, ജി.എൻ.ബി ബാണി എന്നിവ വായ്പ്പാട്ടിലും ലാൽഗുഡി ബാണി ഉപകരണസംഗീതത്തിലും ഉദാഹരിക്കാവുന്നതാണ്.

വ്യക്തിനിഷ്ഠമായ മനോധർമ്മത്തിലധിഷ്ഠിതമായ ആലാപനസാധ്യതകളിലെ ബഹുത്വം ഹിന്ദുസ്ഥാനിസംഗീതത്തെ ദക്ഷിണേന്ത്യൻ സംഗീതത്തേക്കാൾ മുമ്പുതന്നെ ഘരാനകളുടെ പിറവിയിലേക്കെത്തിച്ചിരിക്കുവാൻ ഇടയുണ്ട്. ഏറ്റവും പഴക്കം അവകാശ പ്പെടാവുന്ന ഗ്വാളിയോർ ഘരാന മുതൽക്കിങ്ങോട്ടുള്ള ചരിത്രം പരിശോധിച്ചാൽ ഇത് ബോധ്യപ്പെടും. കർണ്ണാടകസംഗീതത്തിലെ ആലാപനസങ്കേതങ്ങളായ രാഗാലാപനം, താനം, നിരവൽ, വർണ്ണം, കൃതി, ജാവലി, പല്ലവി, സ്വരം എന്നിവയിലൂടെയും ഹിന്ദുസ്ഥാനിസംഗീതത്തിലെ രാഗസംബന്ധിയും ലയസംബന്ധിയും ബന്ദിഷ് സംബന്ധിയുമായുള്ള അടിസ്ഥാനതത്ത്വങ്ങൾക്കകത്തുനിന്നുള്ള ഓരോ കലാകാരന്റെ അപഥസഞ്ചാരങ്ങളാണ് മനോധർമ്മസംഗീതത്തിന്റെ കാതൽ.

മനോധർമ്മമെന്ന സങ്കേതം ഏതു കലാവിഷ്ക്കാരത്തിലായാലും ഒരേ സമയം അതിന്റെ ശൈലീകരണത്തേയും വ്യതിരിക്തതയേയും ഒരുപോലെ പ്രകടമാക്കുന്നുണ്ടെന്നു കാണാം. പാരമ്പര്യത്തെ ഘടനാപരമായി സംരക്ഷിച്ചു നിർത്തുന്നതിനോടൊപ്പം പുതുവഴികളെ അടയാളപ്പെടുത്തുവാനുള്ള ഉപാധികൂടിയാവുന്നു മനോധർമ്മം. മനോധർമ്മമെന്ന സങ്കല്പനം സങ്കേതബദ്ധമാകുമ്പോൾതന്നെ കലയുടെ നൂതനത്വവും സ്വാതന്ത്ര്യവുമാണ്. അതുകൊണ്ടുതന്നെ സൗന്ദര്യാത്മകവുമാണ്.

**ഗ്രന്ഥസൂചി**

ഭാഗ്യലക്ഷ്മി, എസ്. 1996 *രാഗലക്ഷണദീപിക*, സി.ബി.എച്ച്. പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

മാധവൻ, എ.ഡി. 2012 *ഹിന്ദുസ്ഥാനിസംഗീതം*, ഡി.സി. ബുക്ക്സ്, കോട്ടയം.

അനൂപ് വി.



## മസോക്കിസം

മനുഷ്യവികാരങ്ങളുടെ സാമൂഹ്യാവിഷ്കാരമാണ് കലയുടെ അന്തസത്ത. സവിശേഷബുദ്ധിയുടെ ഫലമായി മനുഷ്യനു ലഭിച്ച വികാരങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് സന്തോഷവും ദുഃഖവുമാണ്, കൂടാതെ അതിന്റെ കാര്യകാരണങ്ങൾ അന്വേഷിക്കാനും അതിൽ ഉന്മാദം കണ്ടെത്താനും മനുഷ്യൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. കലാവിഷ്കാരത്തിൽ ഈ വികാരങ്ങളുടെ കുത്തൊഴുക്കും ഏറ്റക്കുറച്ചിലുകളും സ്വാധീനിക്കുന്നുണ്ട്. സമൂഹവുമായി സാധാരണ വ്യക്തിക്കുണ്ടാകുന്ന ഏറ്റവും മികച്ച കൊടുക്കൽവാങ്ങലിൽനിന്നാണ് ഒരു സാഹിത്യകാരൻ രൂപപ്പെടുന്നത്. എഴുത്തുകാരന്റെ മനസ്സിന്റെയും എഴുത്തുകാരനെ ഉൾക്കൊള്ളുന്ന സമൂഹത്തിന്റെയും സമ്മിശ്രമായ ആശയലോകത്തുനിന്നാണ് കലയുടെ ജന്മം. അതുകൊണ്ടാണ് ഒരെഴുത്തുകാരന്റെ തികച്ചും മാനസികവ്യാപാരമായ കല സമൂഹത്തിന്റെ ഏറ്റവും വലുതും ചെറുതുമായ രൂപമാകുന്നത്. ഒരു മനുഷ്യനെ സാമൂഹ്യപ്രതിനിധിയായി രൂപപ്പെടുത്തിയെടുക്കുന്ന സാഹചര്യങ്ങളിൽനിന്നാണ് പിൽക്കാലത്തെ എഴുത്തുകാരന്റെ ജീവിതത്തെയും എഴുത്തിനെയും സ്വാധീനിക്കുന്നത്. ഇങ്ങനെയുള്ള എഴുത്തുകാരന്റെയും കഥാപാത്രങ്ങളുടെയും സവിശേഷ മനോനിലയെ അളന്നെടുക്കുന്ന വൈദ്യശാസ്ത്രകലാസാങ്കേതികപദമാണ് മസോക്കിസം (മാസ്ക്കിസം) (Masochism).

യഥാർത്ഥത്തിൽ മസോക്കിസം ഒരു വൈദ്യശാസ്ത്ര സാങ്കേതികപദമാണ്. മനഃശാസ്ത്രജ്ഞരും ലൈംഗികശാസ്ത്രവിദഗ്ധരുമാണ് ഈ പദം പ്രചാരത്തിൽ കൊണ്ടുവന്നത്. സാഡിസം, മസോക്കിസം, പിഗ്മാലിയനിസം എന്നിങ്ങനെയുള്ള മൂന്നു സ്വഭാവവൈകൃതങ്ങൾ മനുഷ്യരിൽ സ്ഥിതിചെയ്യുന്നുവെന്നു ഇവർ കണ്ടെത്തുന്നു. സ്വന്തം **ശരീര**ത്തിൽ വേദനയുണ്ടാക്കുന്നതിലൂടെ ലൈംഗികതൃപ്തി കണ്ടെത്തുക എന്നതാണ് മസോക്കിസത്തിന്റെ സാങ്കേതികാർത്ഥം. സാഡിസം എന്നവസ്ഥയുടെ വിപരീതമാണ് മസോക്കിസം. ഇണയെ വേദനിപ്പിക്കുന്നതിലൂടെ ആത്മസംതൃപ്തിയും ലൈംഗികാനുഭൂതിയും അനുഭവിക്കുന്ന